**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് – വികേന്ദ്രീകൃതാസൂത്രണം – 2008–09 വാർഷിക പദ്ധതിരേഖയും പ്രോജക്ടുകളും കമ്പ്യൂട്ടർ ഡേറ്റാ എൻട്രി നടത്തൽ – നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്**

ജി.ഒ(എം.എസ്)നമ്പർ. 120/2008/തസ്വഭവ    തിരുവനന്തപുരം, തീയതി: 22–04–2008

---

പരാമർശം:1. 06.03.2008–ലെ ജി.ഒ.(എം.എസ്)65/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 31.03.2008–ലെ ജി.ഒ(എം.എസ്)103/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തവ്.

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 2008–09 വാർഷിക പദ്ധതിയിൽ കൃഷി, ഭവന നിർമ്മാണം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം, പൂരകപോഷകാഹാരം, ഊർജ്ജം എന്നീ വികസനമേഖലകൾക്കും സ്ഥാപനങ്ങളുടെ മെയിന്റനൻസിനും വികേന്ദ്രീകൃതാസൂത്രണ നടപടികൾ പാലിച്ച് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണെന്നും രണ്ടാം ഘട്ടത്തിൽ 2008–09–ലെ പൂർണ്ണ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണെന്നും പ്രസ്തുത സർക്കാർ ഉത്തരവ് മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവർഷത്തിൽ പദ്ധതിരേഖകളും പ്രോജക്ടുകളും കമ്പ്യൂട്ടർ ഡേറ്റാഎൻട്രി നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പ്ലാനിംഗ് ഓഫീസ് എന്നീ തലങ്ങളിൽ ഡേറ്റാ എൻട്രി കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയെന്ന രീതിയാണ് അവലംബിച്ചിരുന്നത്. എന്നാൽ 2008–09 വാർഷിക പദ്ധതി മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖയും പ്രോജക്ടുകളും കമ്പ്യൂട്ടർ ഡേറ്റാഎൻട്രി നടത്തുന്ന പ്രവർത്തനം അതത് തദ്ദേശഭരണ സ്ഥാപനത്തിൽതന്നെ നടത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

അതിനാൽ രണ്ട് ഘട്ടങ്ങളായി തയ്യാറാക്കുന്ന 2008–09 വാർഷിക പദ്ധതിരേഖയും പ്രോജക്ടുകളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ തന്നെ കമ്പ്യൂട്ടർ ഡേറ്റാഎൻട്രി നടത്തണമെന്ന് സർക്കാർ ഉത്തരവാകുന്നു. അതുപ്രകാരം കമ്പ്യൂട്ടർ ഡേറ്റാഎൻട്രി ജോലിചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി കൾ, കോർപ്പറേഷനുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഓരോ ഡേറ്റാഎൻട്രി ഓപ്പറേറ്ററെ വീതം പരമാവധി മൂന്ന് മാസക്കാലത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിന് അനുവാദം നൽകുന്നു. ആ രീതിയിൽ ചുമതലപ്പെടുത്തുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർക്ക് പരമാവധി 4000 രൂപ പ്രതിമാസ ഹോണറേറിയം നിശ്ചയിച്ചു നൽകാവുന്നതാണെന്നും അതിനുവേണ്ടിവരുന്ന ചെലവ് 2008–09–ലെ പൊതുവിഭാഗം വികസന ഫണ്ടിൽ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുന്ന വിഹിതത്തിൽനിന്ന് വിനിയോഗിക്കാവുന്നതാണെന്നും സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ടി.കെ.ജോസ്**
ഗവൺമെന്റ് സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 ഗ്രാമവികസന കമ്മീഷണർ
8 ഡയറക്ടർ, നഗരകാര്യവകുപ്പ്
9 പഞ്ചായത്ത് ഡയറക്ടർ
10 ഡയറക്ടർ ലോക്കൽഫണ്ട് ആഡിറ്റ്
11 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
12 എല്ലാ ജില്ലാ കളക്ടർ (ആസൂത്രണസമിതി സെക്രട്ടറി)മാർക്കും
13 ഡയറക്ടർ, കേരള ഇൻസിറ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
14 എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
17 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18 എല്ലാ നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19 എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
20 ജനറൽ സെക്രട്ടറി, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയോഷൻ
21 സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
22 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
23 സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ

പകർപ്പ്:

1. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ ഡിബി/ഡിസി/ഡിഡി/എഫ്എം വകുപ്പുകൾക്ക്
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി